# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/249/2017 2017 നവംബർ 25

## <u>പത്രക്കുറിപ്പ്</u>

### എം.കോം പ്രൈവറ്റ് - പരീക്ഷാ കേന്ദ്രം

നവംബർ 28ന് ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ എം.കോം നവംബർ/ഡിസംബർ 2017 പരീക്ഷയ്ക്കുള്ള പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷാ കേന്ദ്രങ്ങൾക്ക് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെനിന്നു ഹാൾടിക്കറ്റുകൾ കൈപ്പറ്റുകയും, രജിസ്റ്റർ നമ്പർ 150080015791 മുതൽ 15982 വരെയുള്ള പ്രൈവറ്റ് വിദ്യാർത്ഥികൾ തിരുവല്ല മാക്ഫാസ്റ്റിലും (MACFAST), 150080015983 മുതൽ 16222 വരെയുള്ളവർ ചങ്ങനാശ്ശേരി ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജിലും, 150080016225 മുതൽ 16332 വരെയുള്ളവർ തിരുവല്ല, കുറ്റൂർ എസ്.എൻ. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, 150080016333 മുതൽ 16339 വരെയും, 150080015681 മുതൽ 15682 വരെയും, 150080016442 എന്ന രജിസ്റ്റർ നമ്പരിലുള്ള വിദ്യാർത്ഥിയും, രജിസ്റ്റർ നമ്പർ 211191 മുതൽ 211374 വരെയുള്ള, മേഴ്സി ചാൻസ് ഉൾപ്പെടെയുള്ള മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് സപ്ലിമെന്ററി, നാലാം സെമസ്റ്റർ റഗുലർ സപ്ലിമെന്ററി, വിദ്യാർത്ഥികളും 213301 മുതൽ 213502 വരെയും, 214661, 460939 എന്നീ രജിസ്റ്റർ നമ്പരിലുള്ളവരും ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലും പരീക്ഷയെഴുതണം.

എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് കേന്ദ്രമായി അപേക്ഷിച്ചവർ അവിടെനിന്നും ഹാൾടിക്കറ്റ് കൈപ്പറ്റുകയും 150080019941 മുതൽ 150080020080 വരെയുള്ളവർ കുന്നുകര ടി.ഒ. അബ്ദുള്ള മെമ്മോറിയൽ എം.ഇ.എസ്. കോളേജിലും 150080020081 മുതൽ 20246 വരെയുള്ളവർ തൃക്കാക്കര കെ.എം.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസസിലും 150080020250 മുതൽ 20395 വരെയുള്ളവർ ഐരാപുരം സി.ഇ.ടി. കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും 150080020246 മുതൽ 20396 വരെയുള്ളവർ കളമശ്ശേരി സെന്റ് പോൾസ് കോളേജിലും 212821 മുതൽ 212900 വരെയുള്ള നാലാം സെമസ്റ്റർ സപ്ലിമെന്ററി വിദ്യാർത്ഥികൾ പുത്തൻകുരിശ് സെന്റ് തോമസ് ആർട്സ് ആന്റ് സയൻസ് കോളേജിലും 212901 മുതൽ 212983 വരെയുള്ള നാലാം സെമസ്റ്റർ സപ്ലിമെന്ററി വിദ്യാർത്ഥികൾ ഇടത്തല എം.ഇ.എസ്. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലും പരീക്ഷയ്ക്ക് ഹാജരാകണം.

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് തിരഞ്ഞെടുത്തവർ അവിടെനിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റുകയും രജിസ്റ്റർ നമ്പർ 150080012091 മുതൽ 12279 വരെയുള്ള മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് (റഗുലർ) വിദ്യാർത്ഥികൾ റാന്നി സെന്റ് തോമസ് കോളേജിലും 150080012280 മുതൽ 12405 വരെയുള്ളവർ കോന്നി തവളപ്പാറ സെന്റ് തോമസ് കോളേജിലും 150080012406 മുതൽ 12527 വരെയുള്ളവർ വെച്ചൂച്ചിറ വിശ്വബ്രാഹ്മണ കോളേജിലും 2115521 മുതൽ 211713 വരെയുള്ള മൂന്നാം സെമസ്റ്റർ സപ്ലിമെന്ററി, 213661 മുതൽ 213870 വരെയുള്ള നാലാം സെമസ്റ്റർ സപ്ലിമെന്ററി, 453066 എന്ന നമ്പരിലുള്ള റീ അഡ്മിഷൻ വിദ്യാർത്ഥി എന്നിവർ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ തന്നെയും പരീക്ഷയെഴുതണം. മറ്റുള്ളവർ അവരവർ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിലും ലഭ്യമാണ്.

### ബി.കോം മൂല്യനിർണ്ണയം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുവാൻ ആലുവ സോണിൽ നിയുക്തരായ അദ്ധ്യാപകർ ആലുവ യു.സി. കോളേജിൽ നവംബർ 28ന് രാവിലെ 11 മണിക്ക് (എം.ബി.എ. ഓഡിറ്റോറിയം) ഹാജരായി ഉത്തരക്കടലാസുകൾ കൈപ്പറ്റേണ്ടതാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലുവരെ സെമസ്റ്റർ ബി.കോം ഓഫ് കാമ്പസ് (സി.ബി.സി.എസ്.എസ്.-സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 8 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ ഒന്നും രണ്ടും നാലും സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (യു. എക്സ്പെർട്ട്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 9 വരെ അപേക്ഷിക്കാം.

**ഡോക്ടറൽ കമ്മിറ്റി**

2017 അക്കാദമിക് വർഷത്തിൽ ഹിന്ദിയിൽ ഗവേഷണത്തിനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഡോക്ടറൽ കമ്മിറ്റി നവംബർ 28ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ കാമ്പസിലുള്ള സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വച്ച് നടത്തുന്നതാണ്. അറിയിപ്പുകൾ ലഭിക്കാത്തവർ സർവ്വകലാശാലാ ഗവേഷണ സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

**സിൻഡിക്കേറ്റ് യോഗം മാറ്റി**

2017 നവംബർ 28ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം നവംബർ 29ന് രാവിലെ 10.30ന് സർവ്വകലാശാലാ ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് കൂടുന്നതാണ്.

**തൊഴിൽസംരഭകത്വ വികസനം: എം.ജി.യും ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റിയും തമ്മിൽ രാജ്യാന്തര സഹകരണത്തിന് ധാരണ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ബിസിനസ് ഇൻക്യുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വീഡനിലെ ജോൺ ഹോപ്കിൻസ് സർവ്വകലാശാലയുമായി തൊഴിൽ സംരംഭകത്വ വികസനത്തിനും പരിശീലനത്തിനും അന്താരാഷ്ട്ര സഹകരണത്തിന് ധാരണയായി. തൊഴിൽ, വ്യവസായ സംരംഭകത്വത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനവും മാർഗ്ഗദർശനവും നൽകുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ ജോൺ ഹോപ്കിൻസ് സർവ്വകലാശാല ലഭ്യമാക്കും. എം.ജി.യിൽ ബിസിനസ് ഇൻക്യുബേഷൻ ലക്ഷ്യമാക്കിയുള്ള സയൻസ് പാർക്കിന്റെ നിർമ്മാണത്തിലും അദ്ധ്യാപകർക്ക് സാങ്കേതിക പരിശീലനത്തിലും വിദഗ്ധോപദേശം വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകത്തിലെ മികച്ച ബിസിനസ് ഇൻക്യുബേഷൻ സെന്ററും സയൻസ് പാർക്കും പ്രവർത്തിക്കുന്ന ജോൺ ഹോപ്കിൻസ് സർവ്വകലാശാല എം.ജി.യിലെ വ്യവസായ സംരംഭകരായ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനവും ഒരുക്കുന്നതാണ്. ഇരു സർവ്വകലാശാലകളും തമ്മിൽ സഹകരണത്തിനുള്ള ധാരണാപത്രം അടുത്ത ജനുവരിയിൽ ഒപ്പുവയ്ക്കും. ഇതോടെ കെമിക്കൽ സയൻസ്, ബയോസയൻസ്, നാനോ സയൻസ്, ഐ.ടി., ഫിസിക്സ്, എൻവയോൺമെന്റൽ സയൻസ് തുടങ്ങിയ ശാഖകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് തങ്ങളുടെ മേഖലയിൽ ആഗോള നിലവാരത്തിലുള്ള സംരംഭകത്വ പരിശീലനം സാദ്ധ്യമാകും. കേരളത്തിലെ സർവ്വകലാശാലകളിൽ ബിസിനസ് ഇൻക്യുബേഷൻ ലക്ഷ്യമാക്കി രാജ്യാന്തര സഹകരണത്തിലേർപ്പെടുന്ന ആദ്യ സർവ്വകലാശാലയാണ് എം.ജി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, ബിസിനസ് ഇൻക്യുബേഷൻ സെന്റർ ഡയറക്ടർ ഡോ. ആർ. ഗിരീഷ് കുമാർ എന്നിവർ സ്വീഡനിലെ ജോൺ ഹോപ്കിൻസ് സർവ്വകലാശാലയിൽ നിന്നുള്ള ഡോ. തോമസ് ബെൻഗറ്റ്സൺ, ഡോ. സയ്ദ് നഖ്‌വി എന്നിവരുമായി നടത്തിയ ചർച്ചകൾക്കൊടുവിലാണ് പരസ്പര സഹകരണത്തിനുള്ള സാദ്ധ്യത രൂപപ്പെട്ടത്.

**അടിക്കുറിപ്പ്**

**സ്വീഡനിലെ ജോൺ ഹോപ്കിൻസ് സർവ്വകലാശാലയിൽ നിന്നുള്ള ഡോ. തോമസ് ബെൻഗറ്റ്സൺ, ഡോ. സയ്ദ് നഖ്‌വി എന്നിവരുമായി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സംരംഭകത്വ വികസനപരിശീലനത്തിൽ രാജ്യാന്തര സഹകരണത്തിനുള്ള ചർച്ചകൾ നടത്തുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**